QP CODE: 23104743

23104743

Reg No : .....................

Name : .....................

# UNDER GRADUATE (CBCS) REGULAR/IMPROVEMENT/REAPPEARANCE EXAMINATIONS, FEBRUARY 2023

## First Semester

## Common Course - ML1CCT07 - MALAYALAM - KADHA NOVEL

***Common for all Model II B.A Programmes 2022 Admission Regular, 2021 Admission Improvement / Reappearance, 2017 - 2020 Admissions Reappearance),***

***Model II B.Sc Programmes (2022 Admission Regular & 2021 Admission Improvement / Reappearance)***

2017 Admission Onwards

6825AAB9

Time: 3 Hours Max. Marks : 80

**Part A**

*Answer any **ten** questions.*

*Each question carries **2** marks.*

1. "ശരീരം തരില്ലെന്നു വിചാരിക്കുന്ന ഹിന്ദു സന്യാസിമാർ പടിപടിയായി ദിഗംബരത്ത്വത്തിലേക്കാണ് പോക്ക'സന്നർഭമേത്?
2. കുറിപ്പെഴുതുക- കെ സരസ്വതിയമ്മ
3. "പാപം എന്ന് കേൾക്കുമ്പോളെ മസ്ക്രീനാസ് ചിരിക്കും"എന്തുകൊണ്ട്?
4. ""പോർട്ടുഗലിന്റെ രക്തം ,പോർട്ടുഗലിന്റെ ശബ്ദം,പോർട്ടുഗലിന്റെ തേജസ്,""ആരാണ് സൂചിപ്പിക്കപ്പെടുന്നത് ? ആശയം എന്ത്
5. അത്തിമരം പോലെ നിശ്ചലവും,നിസചേതനവുമായ ഒരു വസ്തുവായി അയാളും മാറി,വ്യംഗ്യം എന്ത്?
6. രക്തത്തിലലിഞ്ഞു ചേർന്ന എന്തോ ഒന്ന് സരളയിൽ പിടഞ്ഞുണർന്നു .എന്തുകൊണ്ട്?
7. ഏകദേശം ഉറപ്പിച്ചുകഴിഞ്ഞഭാര്യയുടെ ഗർഭം പൂർണമായി സ്ഥിരീകരിച്ചാൽ എടുക്കേണ്ട തീരുമാനമാണ് രാജശേഖരനിൽ പുകയായി നേർത്തലിയുന്നത് -സന്ദർഭമെഴുതുക\
8. ""ഒരു അനന്തരാവകാശി ഉണ്ടാകേണ്ടത് ജീവിതത്തിനു അത്യാവശ്യമാണ് അത് വിട്ടു ഒരു സ്ത്രീ കൂടെ ജീവിക്കുന്നതിൽ എനിക്ക് ഒട്ടും താല്പര്യം തോന്നിയിട്ടില്ല"" ഈ ചിന്തയുടെ ധ്വനിയെന്ത് ?

9. ""എന്തൂട്ടാ ഇത് പഠിപ്പൂന്നു  പറഞ്ഞാൽ അതിനു ഒരവസാനൊക്കണ്ടാവണം"" -ഇങ്ങനെ പറയാനുണ്ടായ സഹൃചര്യമെന്ത ?

10. ""സത്യന്ധനായ ഒരു പ്രണയിതാവ് ആത്മവഞ്ചന ച്യ്യൂകൂടാ"" ഇങ്ങനെ ചിന്തിക്കാനിടയായ സാഹചര്യമെന്ത് ?

11. "ഓ എന്നാലും സ്ത്രീധനം കൊടുക്കണം ,പറഞ്ഞില്ലേ ഞങ്ങടെ ജാതി മര്യാദയാണ്"ഏതു ജാതിയാണ് പരാമർശിക്കപെടുന്നത്?സന്ദർഭമേത്?

12. "നമുക്കുണ്ടല്ലോ" അയാൾ പറഞ്ഞു"മറ്റേതെങ്കിലും സമുദായത്തിലെ ജഗജില്ലൻ പേരിടാം". സന്ദർഭമേത്

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. യു എ ഖദറുടെ  കഥാകഥനരീതി ചാത്തുകുട്ടിയുടെ അമ്മ എന്ന കഥയെ മുൻനിർത്തി വിശദീകരിക്കുക ?

14. കഥാപാത്രനിരൂപണം-പാപ്പച്ചി

15. കാണെ കാണെ അയാളുടെ കണ്ണുകളിലേക്കു ഇരുട്ടുകയറിവരുന്നു .ബാക്കിയാകുന്ന കാഴ്ചയിൽ അയാൾ അയ്യാൾക്കുതന്നെ നഷ്ട്ടമാകുന്നു-വിശദീകരിക്കുക

16. പുതുമയുടെ ഭംഗിയും രചനാശിൽപ്പത്തിലെ സവിശേഷതകളും കൊണ്ട് കഥാലോകത്തു പുത്തനുണർവ് നൽകാൻ വൈശാഖന് സാധിച്ചു .നിഴൽയുദ്ധത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക ?

17. സ്നേഹം തുളുമ്പുന്ന ഹൃദയവും കാഴ്ചയിൽ പാരുഷ്യമായസ്വഭാവവുമാണ് മക്കൾ എന്ന കഥയിലെ അച്ഛൻ കഥാപാത്രം -പരിശോധിക്കുക

18. "എം.ടി.പി" എന്ന കഥയുടെ സമകാലിയാക പ്രസക്തി വ്യക്തമാക്കുക

19. പ്രണയോപനിഷത് എന്ന കഥയിലെ ഗുണപാഠമെന്ത് ? ഈ കഥ അനുഭവസാക്ഷ്യങ്ങളുടെ നേർപകർപ്പായി അവതരിപ്പിക്കാൻ കഥാകാരന് കഴിഞ്ഞിട്ടുണ്ടോ? ചർച്ചചെയ്യുക

20. അന്നൊക്കെ  അപ്പച്ചൻ അപ്പച്ചനായിരുന്നു ,ഈ അഭിപ്രായത്തിന്റെ സാംഗത്യം എന്ത്?

21. ഇതിനു ശുപാർശയും കൈകൂലിയും ഒന്നും ആവശ്യമില്ലല്ലോ ഹൃദയത്തിൽ തടവിക്കൊണ്ട് കേശവൻനായർ പറഞ്ഞു .കേശവൻനായരുടെ പ്രേമപാരവശ്യം ഗ്രന്ഥക്കാരൻ വിശദീകരിക്കുന്നതെങ്ങനെ ?

(6×5=30)

## Part C

*Answer any **two** questions.*

*Each question carries **15** marks.*

22. ഒതുതീർപ്പുകൾ എന്ന കഥയിലെ കഥാപാത്രങ്ങളെ ക്കുറിച്ചു ചർച്ചചെയ്യുക

23. പ്രിയ.എ.എസിന്റെ  കഥാഖ്യാന സവിശേഷതകൾ എന്തെല്ലാം? ജാഗരൂക മുന്നിർത്തി ചർച്ച ചെയ്യുക .

24. പുതിയകാലചെറുകഥകളുടെ പ്രധാന സവിഷേതകൾ പാഠഭാഗങ്ങളെ മുന്നിര്ത്തി വിലയിരുത്തുക .

25. ബാഹ്യപ്രേരണകളും സംഭവ ബാഹുല്യവും കൊണ്ട് സംഭാഷണങ്ങളെ പൂർവ കഥാപ്രസംഗങ്ങളോ, വിശദീകരണങ്ങളോ ആക്കാതിരിക്കാൻ പ്രേമലേഖനത്തിൽ ബഷീർ ശ്രദ്ധിച്ചിട്ടുണ്ട് .ഇത് ശരിയോ ? സ്വന്തം അഭിപ്രായം രേഖപ്പെടുത്തുക .

(2×15=30)